# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5984

8-7-2013-ൽ മറുപടിക്ക്

### 16 വയസ്സിനു താഴെയുള്ള പെൺകുട്ടികളുടെ വിവാഹ രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ബാലൻ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) 16 വയസ്സുള്ള പെൺകുട്ടികളുടെ വിവാഹം രജിസ്റ്റർ ചെയ്തു നൽകാൻ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി സർക്കുലർ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അത്തരം ഒരു സർക്കുലർ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; | (എ) പുരുഷൻമാർക്ക് 21 വയസ്സിൽ കുറവും സ്ത്രീകൾക്ക് 18 വയസ്സ് കുറവിലും നടത്തുന്ന വിവാഹങ്ങൾ (16 വയസ്സിൽ കൂടുതൽ) കേരളാ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ അനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണോ എന്ന് കില ഡയറക്ടർ സ്പഷ്ടീകരണം തേടിയിരുന്നു. ഈ സാഹചര്യത്തിൽ പുരുഷന് 21 വയസ്സ് തികയാതെയും സ്ത്രീക്ക് 18 വയസ്സ് തികയാതെയും (16 വയസ്സിന് മുകളിൽ) നടന്നിട്ടുള്ള മുസ്ലീം വിവാഹങ്ങൾക്ക് കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം മതാധികാര സ്ഥാപനം നൽകുന്ന സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ അത്തരം വിവാഹങ്ങൾ നിയമപരമായി രജിസ്റ്റർ ചെയ്തു നൽകുന്നതിൽ നിയമതടസ്സമില്ലെന്ന് സ്പഷ്ടീകരണം നൽകിയിരുന്നു. എന്നാൽ ഇത്തരം വിവാഹങ്ങൾ പല തദ്ദേശ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തു |

നൽകുന്നില്ല എന്നതു സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചതിനെ തുടർന്ന് ഇത്തരം വിവാഹങ്ങൾ രജിസ്റ്റർ ചെയ്തു നൽകുന്നതിന് കർശന നിർദ്ദേശം നൽകിക്കൊണ്ട് 14-6-2013 ലെ 35298/ആർസി3/2013/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത സർക്കുലർ ശൈശവ വിവാഹ നിരോധന നിയമത്തിന്റെ അന്ത:സത്തയ്ക്ക് ഭംഗം വരുത്തുന്നു എന്ന തെറ്റിദ്ധാരണ ഉളവാക്കിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യപ്പെടാത്തതു മൂലം വർഷങ്ങളായി ഒരുമിച്ചു താമസിക്കുന്ന ഭാര്യാഭർത്താക്കന്മാർക്കും അവരുടെ സന്താനങ്ങൾക്കും വിവിധ തരത്തിലുള്ള വിഷമതകൾ നേരിടുന്നതായി മനസ്സിലാക്കിയതു കൊണ്ടും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് 2008-ലെ കേരള വിവാഹ രജിസ്ട്രേഷൻ (പൊതു) ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് ചില അവ്യക്തതകൾ നിലനിൽക്കുന്നതിനാലും പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിൽ വൈമുഖ്യം പ്രകടിപ്പിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലും പ്രസ്തുത സർക്കുലർ ശൈശവ വിവാഹ നിരോധന നിയമത്തിന്റെ അന്ത:സത്തയെ ഒരു തരത്തിലും ബാധിക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതല്ല എന്നും എന്നാൽ ശൈശവവിവാഹ നിരോധന

| | | | |
|---|---|---|---|
| | | | നിയമത്തിന്റെ എല്ലാ വകുപ്പുകളും അക്ഷരാർത്ഥത്തിൽ തന്നെ നടപ്പിലാക്കുക എന്നത് കണക്കിലെടുത്തും 27-6-2013 വരെ നടന്നിട്ടുള്ള എല്ലാ വിവാഹങ്ങളും രജിസ്റ്റർ ചെയ്യുന്നതിന് 27-6-2013 ലെ 41832/ആർസി3/2013/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി)<br><br>(സി) | ഈ സർക്കുലർ എല്ലാ മതവിഭാഗങ്ങൾക്കും ബാധകമാണോ; മുമ്പ് നടന്ന വിവാഹങ്ങൾ മാത്രമാണോ രജിസ്റ്റർ ചെയ്തു നൽകുന്നത്; ഈ സർക്കുലർ തീയതിക്ക് ശേഷം നടത്തിയ വിവാഹങ്ങൾ രജിസ്റ്റർ ചെയ്തു നൽകുമോ;<br><br>സംസ്ഥാന നിയമസഭ പാസ്സാക്കിയ 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ (പൊതു) നിയമപ്രകാരം 16 വയസ്സുള്ള ഒരു പെൺകുട്ടിയുടെ വിവാഹം രജിസ്റ്റർ ചെയ്തു നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടോ; | (ബി) & (സി) | ബാധകമാണ്. 27-6-2013 തീയതിവരെ പുരുഷന് 21 വയസ്സിൽ താഴെയും സ്ത്രീക്ക് 18 വയസ്സിൽ താഴെയും നടന്ന വിവാഹങ്ങൾ ഈ സർക്കുലർ പ്രകാരം രജിസ്റ്റർ ചെയ്ത് നൽകുന്നതാണ്.<br>2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിൽ വിവാഹത്തിൽ ഏർപ്പെടുന്നവരുടെ പ്രായത്തെപ്പറ്റി പരാമർശിക്കുന്നില്ല. |
| (ഡി) | ഇല്ലെങ്കിൽ, ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഈ അധികാരം ലഭ്യമാകുമോ; നിയമപ്രകാരം ലഭിക്കാത്ത ഒരു അധികാരം സർക്കാരിന്റെ ഒരു സർക്കുലർ | (ഡി) | വിവാഹങ്ങൾ രജിസ്റ്റർ ചെയ്യപ്പെടാത്തതു മൂലം വർഷങ്ങളായി ഒരുമിച്ചു താമസിക്കുന്ന ഭാര്യാഭർത്താക്കന്മാർക്കും അവരുടെ സന്താനങ്ങൾക്കും വിവിധ തരത്തിലുള്ള വിഷമതകൾ നേരിടുന്നതായി സർക്കാർ മനസ്സിലാക്കിയതു കൊണ്ടും അത്തരം ബുദ്ധിമുട്ടുകൾ ഒഴിവാ |

| | |
|---|---|
| പ്രകാരം ലഭിക്കുമോ; വ്യക്തമാക്കുമോ? | ക്കുന്നതിനും വേണ്ടിയാണ് 27-6-2013 വരെ നടന്നിട്ടുള്ള എല്ലാ വിവാഹങ്ങളും കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തു നൽകുന്നതിന് 41832/ആർസി3/2013/തസ്വഭവ സർക്കുലറിലൂടെ നിർദ്ദേശം നൽകിയിട്ടുളളത്. |

സെക്ഷൻ ഓഫീസർ